# ഗോഖലെ ഗവ. എച്ച്. എസ്. എസ്.

# കല്ലടത്തൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം" വിദ്യാഭ്യാസരംഗത്ത് പല മാറ്റങ്ങളും സൃഷ്ടിക്കുകയുണ്ടായി. ഇതിൻറെ ഭാഗമായി നടപ്പിലാക്കിയ "സമഗ്ര ഗുണമേന്മ പദ്ധതി" അടിസ്ഥാനമാക്കിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# എൽ. പി. വിഭാഗം

| മേഖല– എൽ. പി. – ഗണിതം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ<br>ജാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ഏകദിന ക്യാമ്പ്<br>മഞ്ചാടി സഞ്ചി, ഗണിത കിറ്റ്, കളി നോട്ട്, നാണയങ്ങൾ, ശില്പശാലകൾ<br>ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ– മാർച്ച്<br>സെപ്റ്റംബർ<br><br>ജൂൺ– മാർച്ച്<br>മാസത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br><br>SRG, ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല സംഘടിപ്പിക്കൽ.<br>ഒറിഗാമി, ടാൻ ഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജനുവരി | ക്ലാസ് ടീച്ചർ |
| ഗണിത പഠനോപകരണ ശില്പശാല സംഘടിപ്പിക്കൽ | പാഠ ഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | മാസത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ |
| ഗണിത മേള | ഗണിത ശേഷികളുടെ പ്രകടനം. പ്രശ്നോത്തരി പസിൽ പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | മാർച്ച് | SRG, ക്ലാസ് ടീച്ചർ |

| മേഖല– എൽ. പി. – അറബിക് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ഭാഷ കേൾക്കാനുള്ള അവസരം ഒരുക്കുക (Listening) | ക്ലാസ്സിൽ കുട്ടികൾക്ക് നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി അറബിയിലാക്കുക.<br>ക്ലാസ്സിൽ ഭാഷാന്തരീക്ഷം സൃഷ്ടിയ്ക്കുക | ജൂൺ –മാർച്ച് | അധ്യാപകർ |

| | | | |
|---|---|---|---|
| വായന (Reading)<br>വിദ്യാർത്ഥികളുടെ വായന പ്രോത്സാഹിപ്പിക്കുക. വായനാശീലം വളർത്തുക. | പാഠ പുസ്തക വായനക്കു പുറമേ ജൂൺ 19 വായന ദിനത്തോടനുബന്ധിച്ചു വിവിധ മത്സരം നടത്തുക, അറബിയിലുള്ള പുസ്തകങ്ങൾ പരിചയപ്പെടുത്തുക | ജൂൺ –ജൂലായ് | അധ്യാപകർ |
| എഴുത്ത് (Writing)<br>അറബി ഭാഷയിൽ എഴുതുന്നതിനുള്ള വിദ്യാർത്ഥിളുടെ കഴിവ് പരിപോഷിപ്പിക്കുക . | 3,4 ക്ലാസുകളിലെ കുട്ടികൾക്ക് എഴുത്ത് മെച്ചപ്പെടുത്തുന്നതിന് കയ്യെഴുത്ത് മാഗസിനുകളുടെ നിർമ്മാണം.<br>1,2 ക്ലാസുകാർക്ക് വർക്കു ബുക്കുകൾക്കു പുറമെ ഐ സി ടി ഉപയോഗപ്പെടുത്തിക്കൊണ്ടു എഴുത്തു പരിശീലിപ്പിക്കുക | ജൂൺ–മാർച്ച് | അധ്യാപകർ |
| സർഗാത്മകത<br>സർഗാത്മക ശേഷി വളർത്തുകയും പരിപോഷിപ്പിക്കുകയു ചെയ്യുക | അറബി സാഹിത്യോത്സവ ഇനങ്ങളിലെ പ്രതിഭകളെ കണ്ടെത്തുന്നതിന് എല്ലാ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പ്രതിഭകൾക്ക് പരിശീലനം നൽകുന്നു.കയ്യെഴുത്തു മാഗസിൻ,ലഘു നാടകങ്ങൾ എന്നിവ പരിശീലിപ്പിക്കുക | ആഗസ്റ്റ്–ഡിസംബർ | അധ്യാപകർ |
| ദിനാചരണങ്ങൾ | വിവിധ ദിനാചരണങ്ങൾ നടത്തുക. ദിനാചരണ പോസ്റ്ററുകൾ , ആശംസാ കാർഡുകൾ തയ്യാറാക്കുക | ജൂൺ – ഫെബ്രുവരി | അധ്യാപകർ |
| അറബിക് ദിനാചരണം<br>ഡിസംബർ 18ന് ലോക അറബി ഭാഷാ ദിനാചരണ പരിപാടികളിൽ കുട്ടികളെ പങ്കാളികളാക്കുക | അറബി ഭാഷയുടെ പ്രാധാന്യം ,സാധ്യതകൾ മനസ്സിലാക്കുന്നതിനുള്ള ഡോക്യുമെന്ററികളുടെ പ്രദർശനം, കാലിഗ്രാഫി , പ്രശ്നോത്തരി തുടങ്ങിയ വിവിധ മത്സരങ്ങൾ നടത്തുക | ഡിസംബർ –ജനുവരി | അധ്യാപകർ |
| ICT സാധ്യതകൾ<br>ഭാഷാ പഠനത്തിൽ ICT ഉപയോഗപ്പെടുത്തുന്നതിലൂടെ പഠനം എളുപ്പമാകുന്നു. | E Text ഉപയോഗപ്പെടുത്തിയും പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഭാഷണങ്ങൾ എന്നിവ കംപ്യൂട്ടർ ,മൊബൈൽ തുടങ്ങിയവ ഉപയോഗിച്ച് കാണിക്കുന്നു | ജൂൺ–മാർച്ച് | അധ്യാപകർ |
| പരിഹാര ബോധനം (REMEDIAL TEACHING) | പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കു വേണ്ടി പ്രത്യേക പരിശീലനങ്ങൾ നടത്തുക.ഇതിന് വേണ്ടി അധിക സമയം കണ്ടെത്തുകയും മെച്ചപ്പെട്ട പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ICT സാധ്യത ഉപയോഗപ്പെടുത്തുകയും ചെയ്യുക | ജൂൺ–മാർച്ച് | അധ്യാപകർ |

| മേഖല –എൽ. പി. – മലയാളം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| അടിസ്ഥാന ഭാഷാശേഷി വികസനം | സ്വതന്ത്ര രചന, സംയുക്ത ഡയറി സർഗാത്മക ഡയറി | ജൂൺ– മാർച്ച് | ക്ലാസ് ടീച്ചർ |
| വായന പരിപോഷണം | പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം . നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള കൂടിക്കാഴ്ച | ജൂലൈ– മാർച്ച് | ക്ലാസ് ടീച്ചർ |
| സാഹിത്യപ്രതിഭകളെ അറിയാം | കവികളെ കുറിച്ചുള്ള പ്രദർശനങ്ങൾ പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ– ജനവരി | ക്ലാസ് ടീച്ചർ |
| വായനശേഷി വളർത്തൽ | ക്ലാസ് വായന,ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, രചനാ പരിചയക്കുറിപ്പ് വായനോത്സവം | വർഷം മുഴവൻ | എസ്.ആർ. ജി., ക്ലാസ് ടീച്ചർ |
| എഴുത്തു പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേരെ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | പ്രതിമാ സം | ക്ലാസ് ടീച്ചർ |
| കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുന്നു | പാട്ടരങ്ങ് | ഓഗസ്റ്റ്– മാർച്ച് | ക്ലാസ് ടീച്ചർ |
| രചന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | രചനോത്സവം | സെപ്റ്റം ബർ– ഒക്ടോബർ | ക്ലാസ് ടീച്ചർ |
| ലഘു സാഹിത്യകൃതികളിലെ സന്ദർഭങ്ങൾ അവതരിപ്പിക്കൽ | റീഡേഴ്സ് തിയേറ്റർ | ഓഗസ്റ്റ്– മാർച്ച് | ക്ലാസ് ടീച്ചർ |
| ഐസിടി ഉപയോഗിച്ചുള്ള പഠനം | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാ നുസരണം | ക്ലാസ് ടീച്ചർ |
| പത്രപാരായണം ശീലമാക്കൽ | സ്കൂളുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കാൻ വായിക്കൽ | ആവശ്യാ നുസരണം | ക്ലാസ് ടീച്ചർ |
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | ക്ലാസ് ടീച്ചർ |

| മേഖല– എൽ. പി.– പരിസര പഠനം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതലകൾ** |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ചുറ്റുവട്ടത്താകെ | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ശുചിത്വബോധവും വ്യക്തി ബോധവുമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവേ, പോസ്റ്റർ രചന മത്സരം, അവതരണം | ജൂലൈ ആഗസ്റ | ക്ലാസ് ടീച്ചേഴ്സ് SRG |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാണാകാഴ്ചകൾ. | സെപ്റ്റംബർ –ഡിസംബർ | ക്ലാസ് ടീച്ചർ, SRG |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവവൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ SRG |
| നാടറിയാൻ | നാട്ടറിവുകൾ കർഷകനുമായി അഭിമുഖങ്ങൾ, നമുക്കും കർഷകനാകാം കൃഷിയിടത്തിലേക്ക്. | ജനുവരി | ക്ലാസ് ടീച്ചർ |
| ശാസ്ത്ര യാത്ര | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്,ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ. | ആവശ്യാനു സരണം | ക്ലാസ് ടീച്ചർ |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനു സരണം | ക്ലാസ് ടീച്ചർ |
| ശാസ്ത്രോത്സവം | ശാസ്ത്ര പതിപ്പ്, ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തി ലൊരിക്കൽ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര മാസിക | ശാസ്ത്രമാസികളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ഭൂപട വായന | കേരളം, ഇന്ത്യ | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |

| മേഖല– എൽ. പി.– ഇംഗ്ലീഷ് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതലകൾ** |
| സ്വതന്ത്രമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട റോൾ പ്ലേ, സ്കിറ്റ് എന്നിവ തയ്യാറാക്കൽ | ജൂൺ– മാർച്ച് | ക്ലാസ് ടീച്ചർ SRG |
| ഇംഗ്ലീഷ് ഭാഷ കൂടുതൽ കേൾക്കാനും വായിക്കാനും എഴുതാനും അവസരം ഒരുക്കൽ | സ്കൂളിലും വീട്ടിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് വായനാ പരിപോഷണം | ക്ലാസ് ലൈബ്രറി, വായന മൂല ഒരുക്കൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഫെസ്റ്റ് | വായന മത്സരം, രചന മത്സരം, റോൾപ്ലേ, സ്കിറ്റ് | ഫെബ്രുവരി | SRG ക്ലാസ്സ് ടീച്ചർ |

# യു. പി. വിഭാഗം

| മേഖല –യു. പി. –ഇംഗ്ലീഷ് | | | |
|---|---|---|---|
| Aim | Activities | Duration | |
| To check the vocabulary and writing skill of pupils and to enhance active listening and understanding | Pretest<br>Attention please<br>Learner get an opportunity to listen the announcement, English news in radio etc<br>Story time<br>Play a short audio story or read a story aloud<br>Listening and drawing<br><br>Give simple instructions to draw a picture or for a game etc | June | English teacher |
| To improve speaking skill, vocabulary, fluency and build comfort in casual conversation | Role playing<br>Chain story telling<br>Shadowing<br>Listen to a native speaker (eg social media) and repeat exactly what they say<br>Conversation circle<br>Small group discussion on rotating topic | Once in a term | English teacher, English club |
| To improve readilearners | Alert zone<br>Indication boards, posters, notice are exhibited in classrooms<br>Jumbled story activity<br>Give students a story with sentences in disorder, let them rearrange it<br>I too can<br>Give the learner some reading cards<br>Reader's theatre | August | English teacher |

| | | | |
|---|---|---|---|
| | Students act out a script or dialogue from a story, focus on expressive reading | | |
| To improve writing skill | Word bank writing<br>Give a list of 6– 10 words and ask students to write a story<br><br>Write an instruction manual<br>Ask students to write steps formaking a sandwich, playing a game<br>Picture prompts<br>Show picturization of a story and ask students to write a story | Once in each term | English teacher |
| To improve basic English language skill for slow learners | Voyage to vocabulary<br>Organize an English camp for slow learners in a supportive, engaging and noncompetitive environment . | June last week | English teacher, subject experts from other schools |

| **മേഖല –യു. പി. –സാമൂഹ്യ ശാസ്ത്രം** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തങ്ങൾ** | **കാലം** | **ചുമതല** |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കൽ, നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടിയുടെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് വ്യത്യസ്ത കളികൾ ഓരോ കുട്ടികൾക്കും നൽകുന്നു.<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളെ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഓർമ്മ പരിശോധന നടത്തുന്നു. | | |
| കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ഐസിടിയുടെ സഹായത്താൽ ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചതിനുശേഷം കുട്ടികളിൽ ചരിത്രാവബോധം വളർത്തിയെടുക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| ജനാധിപത്യ അവബോധം കുട്ടികളിൽ രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം കുട്ടികൾ മനസ്സിലാക്കുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി,കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾ അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ പിടിഎ |

| | | | |
|---|---|---|---|
| | നൽകുന്നു മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമേകുന്നു. | | |
| വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും,ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ, കാടുകൾ എന്നിവ സമർപ്പിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

**മേഖല –യു. പി. –ഹിന്ദി**

| **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **ലക്ഷ്യം** |
|---|---|---|---|
| കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ.<br><br>CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ .<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | ഹിന്ദി അധ്യാപകർ, മറ്റ ഭാഷാധ്യാപകർ | |
| ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം, എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | ഹിന്ദി അധ്യാപകർ | |
| CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | |
| ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | |
| ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണ വുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപകർ | |
| കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | ഹിന്ദി അധ്യാപകർ | |

| | | | |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | | |

**മേഖല –യു. പി. –അടിസ്ഥാന ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ക്ലാസ് മുറി ഒരു പരീക്ഷണശാല<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ശാസ്ത്ര ഡയറിയിൽ രേഖപ്പെടുത്തുന്നു. ഓരോ കുട്ടിയും ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br><br>പ്രകൃതിയെ അറിയാൻ<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, | ജൂൺ മുതൽ<br><br>ജൂലൈ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ എക്കോ |

| | | | |
|---|---|---|---|
| | ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവ്, പുഴ എന്നിവ സന്ദർശനം.. വിവിധ ആവാസ വ്യവസ്ഥയെ അറിയാൻ യാത്രകൾ..<br><br><u>ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, പ്രകൃതിദത്തമായ വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ജൈവവവിധ്യ പാർക്ക് വിപുലീകരികരണം.. | <br><br><br><br><br>അക്കാദമിക വർഷം | ക്ലബ്<br><br><br><br><br>ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, എക്കോ ക്ലബ് |
| ശാസ്ത്ര അഭിരുചി വളർത്തൽ, പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക | <u>എക്സിബിഷൻ</u><br>ശാസ്ത്ര പഠനം എളുപ്പമാക്കാൻ വിവിധ ശാസ്ത്ര മോഡലുകൾ നിർമ്മിച്ച് പ്രദർശനം നടത്തുന്നു.<br><br>ശാസ്ത്ര കൗതുകങ്ങളും പുത്തനറിവുകളും ശാസ്ത്ര പരീക്ഷണങ്ങൾക്കൊപ്പം നവസാങ്കേതിക വിഷയങ്ങളും സ്വായത്തമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് സ്റ്റീം ലാബുകൾ സന്ദർശനം.. ഗവേഷണ പഠനത്തിന്റെ സാധ്യത കുട്ടികളിൽ വളർത്തുന്നു.<br><br><u>മാസ്റ്റർ മൈൻഡ്</u><br>ഹെൽത്ത് ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br><u>ശാസ്ത്രോത്സവം</u><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ, ലഘു | വർഷത്തിൽ ഒരു പ്രാവശ്യം<br><br><br>അക്കാദമിക വർഷം<br><br><br><br>അക്കാദമിക വർഷം<br><br><br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ സ്റ്റീം എസ്പേർട്ട്.<br><br><br>സയൻസ് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ<br><br><br>സയൻസ് ക്ലബ്, ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br><br><u>ചോദിച്ചറിയാം</u><br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം സംഘടിപ്പിക്കുന്നു.. അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ സെമിനാറുകൾ അവതരിപ്പിക്കാനുള്ള അവസരവും നൽകുന്നു.<br><br><u>യുറേക്കാ</u><br>കുട്ടികളിൽ ശാസ്ത്രവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | <br><br><br><br>അക്കാദമിക വർഷം<br><br><br><br><br><br><br>അക്കാദമിക വർഷം | <br><br><br><br>ശാസ്ത്ര അധ്യാപകർ<br><br><br><br><br><br><br>ശാസ്ത്ര അധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| **മേഖല –യു. പി. –ഗണിതം** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തങ്ങൾ** | **കാലം** | **ചുമതല** |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ.... ഉപയോഗിക്കുന്നു) | ജൂൺ | ഗണിതഅധ്യാപകർ |
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന | ടാൻഗ്രാം ചിത്ര നിർമ്മാണം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| ശേഷികളുടെ വികാസവും | | | ഗണിത ക്ലബ്ബ് |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ഗണിത പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) ഉപയോഗപ്പെടുത്തി പിന്നാക്കാം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ മൂന്ന് തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമീതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | മാസത്തിൽ രണ്ട് തവണ | ഗണിത അധ്യാപകരും സമർദ്ധരായ കുട്ടികളും മറ്റ് അധ്യാപകരും |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തി അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |

| മേഖല –യു. പി. – മലയാളം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും,പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം:–( കഥ, കവിത, യാത്രാ അനുഭവം, അനുഭവക്കുറിപ്പ്) എന്നിവ അവതരിപ്പിക്കുന്നു<br><br>അറിവൊലി പരിശീലനം<br>മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന 5 6 7 ക്ലാസുകളിലെ സെലക്ട് ചെയ്ത കുട്ടികൾക്ക് ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലന കളരി... ക്വാളിഫൈഡ് രക്ഷിതാക്കൾ, നമ്മുടെ സ്കൂളിൽ നിന്നും വിരമിച്ച അധ്യാപകർ, എന്നിവരുടെ സഹായത്തോടെ നടത്തപ്പെടുന്നു.<br>ഒപ്പരം ക്യാമ്പ് അറിവൊലി പരിശീലനം നേടിയ കുട്ടികൾക് രണ്ടുദിവസം ക്യാമ്പ് സംഘടിപ്പിക്കുന്നു | ജൂൺ<br><br><br><br>അക്കാദമിക് വർഷം | മലയാളം അധ്യാപകർ<br>എല്ലാ അധ്യാപകരും |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രങ്ങൾ, ആഴ്ചപ്പതിപ്പ്, ലൈബ്രറി ബുക്കുകൾ, വായന കാർഡ് എന്നിവയുടെ വായന ക്ലാസുകളിൽ നടത്തപ്പെടുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| സർഗാത്മകശേഷി നേടിയെടുക്കൽ | 5, 6,7 ക്ലാസുകളിലെ മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ പ്രദർശനം | വർഷാവസാനം | മലയാളം ക്ലബ്ബ് |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ടാലന്റ് ഹണ്ട്, മലയാള ശിൽപ്പശാല എന്നിവ നടത്തപ്പെടുന്നു.<br>ചൊൽകാഴ്ചകൾ, ലഘു നാടകങ്ങൾ, കവിതാരചന, കഥ എന്നിവ സ്കൂളിലെ ചിത്രകല അധ്യാപകൻ, പ്രമുഖരായ നാടക പരിശീലകർ എന്നിവരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | സ്കൂൾ<br><br>പിടിഎ |

| | | | |
|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | മുഖാമുഖം സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം | പിടിഎ സ്കൂൾ |

| മേഖല –യു. പി. – അറബിക് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** |
| അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. | ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേകം പരിഗണന നൽകി എഴുത്തും വായനയും പരിപോഷിപ്പിക്കുന്നു. പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ അക്ഷര കാർഡുകൾ ഉപയോഗിച്ച പ്രശ്നം പരിഹരിക്കുന്നു. | ജൂൺ മുതൽ | പുസ്തകങ്ങൾ കാർഡുകൾ |
| അറബി ഭാഷ ശേഷി വർധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപ്പെടൽ. ഓരോ പദങ്ങൾ പഠിക്കുമ്പോഴും അതിൻറെ പര്യായപദങ്ങൾ വിപരീതപദങ്ങൾ സ്വയം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുന്നു കൂടുതൽ പദങ്ങൾ കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, കാർഡുകൾ |
| കുട്ടികളെ വായന തൽപരരാക്കുക | വായന മത്സരം നടത്തുന്നു ക്വിസ് മത്സരങ്ങൾ നടത്തുന്നു | ജൂലൈ മുതൽ | ചാർത്തുകൾ പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| | വിജയികളെ പ്രോത്സാഹിപ്പിക്കുന്നു | | |
| കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നു | ചിത്രങ്ങൾ ലഘു കവിതകൾ കഥകൾ സംഭാഷണം പദപ്രശ്നം കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കൈയെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനും | സ്കൂൾ റേഡിയോ കഥാപ്രസംഗം ഗാനം വാർത്തകൾ എന്നിവ അവതരിപ്പിക്കുന്നു | ഒരു വർഷം | |
| വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക പ്രതിഭകളെ കണ്ടെത്തുക | ജൂൺ മുതൽ മാർച്ച് വരെ | അസംബ്ലി, ചാർട്ടുകൾ |

## ഹൈസ്കൂൾ വിഭാഗം

| മേഖല– ഹൈസ്കൂൾ– ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം– പ്രീ–ടെസ്റ്റ് നടത്തി ലിസ്റ്റ് തയാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോട്ട് നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ<br><br>ICT സാധ്യത | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ<br><br>ഗണിത പഠനത്തിന് സഹായകമായ Geogebra സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നു. | തുടർ പ്രവർത്തനം<br><br>തുടർ പ്രവർത്തനം | അധ്യാപകർ<br><br>IT ടീച്ചേർസ്, maths ടീച്ചേർസ് | ടീച്ചേഴ്സ് ഗ്രാന്റ് |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | പി.ടി.എ. | പി.ടി.എ. |

| | | | | |
|---|---|---|---|---|
| ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ് പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ് | പി.ടി.എ. |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘത്തലവൻ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠ സൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം- കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ് മാനേജ്മന്റ് |
| ഗണിത മത്സര വേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ | മെയ്/ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| | പഠനോപകരണങ്ങൾ ശേഖരിക്കൽ | | | |
| രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ. നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപക രും | അധ്യാപകർ, എച്ച്. എം., പി.ടി.എ. പ്രസിഡന്റ് | പി.ടി.എ. |

| **മേഖല– ഹൈസ്കൂൾ– സോഷ്യൽ സയൻസ്** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തിയെടുക്കുക . | ഒന്നായി നമ്മൾ– സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുപ്പുദിന ങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ– സർവ്വേ, പ്രൊജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ദേശീയത, ദേശസ്നേഹം എന്നിവ ഉണർത്തുന്നു. സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗം തിരിച്ചറിയുന്നു. | സ്വാതന്ത്ര്യ ദിന ക്വിസ് നടത്തുന്നു. പ്രസംഗ മത്സരം നടത്തുന്നു. ദേശഭക്തിഗാന മത്സരം നടത്തുന്നു. | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| കുട്ടികളിൽ യുദ്ധവിരുദ്ധ മനോഭാവം ഉണ്ടാക്കുന്നു. സർഗ്ഗാത്മകത വർധിപ്പിക്കുന്നു. | ചാർട്ടുകൾ, പോസ്റ്ററുകൾ, എന്നിവ ഉണ്ടാക്കുന്നു. കാർട്ടൂൺ മത്സരം നടത്തുന്നു. സഡാക്കോ കൊക്കുകളുടെ നിർമ്മാണം, യുദ്ധവിരുദ്ധ മുദ്രാവാക്യ നിർമ്മാണം | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| മേഖല–ഹൈസ്കൂൾ– English | | |
|---|---|---|
| **Activity** | **Skills** | **Level** |
| Spoken English Class | Communication skills, listening and speaking skills | High School |
| Theatre workshop | Listening and speaking skills | High School |
| Poem and short story writing | Writing skill | High School |

| മേഖല– ഹൈസ്കൂൾ– സംസ്കൃതം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പഠനോപകരണങ്ങൾ** |
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽപ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ– ഉപന്യാസം രചിക്കൽ അവതരണം etc<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. |

| | | | |
|---|---|---|---|
| പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനാ യി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പു കൾ എന്നിവ രചിച്ച് /ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങ ളുടെ demonstration | | |

❖ സംസ്കൃതം ലൈബ്രറി
സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

❖ സംസ്കൃതദിനാചരണം
സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

❖ സംസ്കൃത അസംബ്ലി
വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

❖ സംസ്കൃതസംഭാഷണ ശിബിരം
സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

❖ പഠനയാത്രകൾ സംഘടിപ്പിക്കൽ
സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

❖ വിവിധ മത്സരങ്ങൾ
കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

❖ മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം
സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

❖ ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ
വിക്ടേഴ്സസ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

| മേഖല– ഹൈസ്കൂൾ – ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | | പി.ടി.എ |
| ഹിന്ദി വായിക്കാനും മനസ്സിലാക്കാനും കൈകാര്യം ചെയ്യാനുമുള്ള പ്രയാസം | കുട്ടിയുടെ അഭിരുചിക്കനുസരിച്ച് പഠന പ്രക്രിയയിൽ പങ്ക് കൊള്ളാനുള്ള അവസരം നൽകൽ. ഡിജിറ്റൽ മാധ്യമങ്ങൾ വഴി പഠന പ്രകിയ ലഘൂകരിക്കുക. ഹിന്ദി ഭാഷയിൽ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും കൂടുതൽ അവസരം നൽകൽ. പദസൂര്യൻ, | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | അക്ഷരചാർട്ട്,<br>ചിത്രങ്ങൾ തുടങ്ങിയവ<br>ICT യുടെ<br>സഹായത്തോടെ<br>പ്രദർശിപ്പിക്കൽ<br>ക്ലാസ് മുറിയിൽ ഹിന്ദി<br>സംസാരം<br>പ്രോത്സാഹിപ്പിക്കൽ | | | |

| **മേഖല– ഹൈസ്കൂൾ– അറബിക്** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| വായന<br>വിദ്യാർത്ഥികളുടെ വായന<br>പ്രാത്സാഹിപ്പിക്കുക.<br>വായനാശീലം വളർത്തുക. | വായന മത്സരം നടത്തുക,<br>അറബി പുസ്തകങ്ങൾ<br>പരിചയപ്പെടുത്തുക | ജൂൺ–<br>ജൂലൈ | അധ്യാപകർ |
| എഴുത്ത്<br>അറബി ഭാഷയിൽ<br>എഴുതുന്നതിനുള്ള<br>വിദ്യാർത്ഥിളുടെ കഴിവ്<br>പരിപാഷിപ്പിക്കുക . | ക്ലാസ് തല കയ്യെഴുത്ത്<br>മാഗസിനുകളുടെ<br>നിർമ്മാണം | നവംബർ–<br>ഡിസംബർ | അധ്യാപകർ |
| പ്രതിഭകളെ കണ്ടെത്തൽ | അറബി സാഹിത്യോത്സവ<br>ഇനങ്ങളിലെ പ്രതിഭകളെ<br>കണ്ടെത്തുന്നതിന് എല്ലാ<br>ഇനങ്ങളിലും<br>മത്സരങ്ങൾ<br>സംഘിപ്പിക്കുന്നു.<br>പ്രതിഭകൾക്ക് പരിശീലനം<br>നൽകുന്നു. | ജൂലൈ–<br>ഓഗസ്റ്റ് | അധ്യാപകർ |
| ദിനാചരണങ്ങൾ | വിവിധ ദിനാചരണങ്ങൾ<br>നടത്തുക.<br>ദിനാചരണ പോസ്റ്ററുകൾ,<br>ആശംസാ<br>കാർഡുകൾ തയ്യാറാക്കുക | ജൂൺ–<br>ഫെബ്രുവരി | അധ്യാപകർ |
| അറബിക് ദിനാചരണങ്ങൾ | അറബി ഭാഷയുടെ<br>പ്രാധാന്യം,സാധ്യതകൾ<br>മനസ്സിലാക്കുന്നതിനുള്ള | ഡിസംബർ<br>– ജനുവരി | അധ്യാപകർ |

| | | | |
|---|---|---|---|
| | ഡോക്യുമെന്ററികളുടെ പ്രദർശനം, കാലിഗ്രാഫി, പ്രശ്നോത്തരി തുടങ്ങിയ വിവിധ മത്സരങ്ങൾ , | | |

| മേഖല– ഹൈസ്കൂൾ– ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെ, പ്രയോജനപ്പെടുത്തൽ | സൗരോർജ്ജ പാനലുകൾ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ, എസ്. എം. സി, അധ്യാപകർ | 7 ലക്ഷം (ത്രിതല പഞ്ചായത്ത്, MLA, MP ഫണ്ട്) |
| പ്ലാസ്റ്റിക് പുനരുപയോഗം | വിവിധ ശില്പശാലകൾ സംഘടിപ്പിക്കൽ | 1 വർഷം | സബ്ജെക്ട് കൗൺസിൽ | 1000/– |
| ലെൻസ് – പ്രായോഗിക ഉപയോഗം തിരിച്ചറിയൽ | ടെലെസ്കോപ്പ് നിർമാണം | വർഷത്തിൽ ഒരു തവണ | പി.ടി.എ, എസ്. എം. സി, സബ്ജെക്ട് കൗൺസിൽ | 5000/– |
| ബഹിരാകാശത്തെ കൂടുതൽ അറിയാൻ | വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു തവണ | സബ്ജെക്ട് കൗൺസിൽ, സയൻസ് ക്ലബ്ബ് | 1000/– |
| ശാസ്ത്രലാബ് നവീകരണം | കെമിസ്ട്രി, ഫിസിക്സ്, ബയോളജി ലാബുകളെ പ്രവർത്തനങ്ങൾ ചെയ്തു പഠിക്കാനുതകുന്ന രീതിയിൽ നവീകരിക്കൽ. സ്റ്റോക്ക് തിട്ടപ്പെടുത്തൽ, | 2 മാസം | സബ്ജെക്ട് കൗൺസിൽ | 50000/– |

| | | | | |
|---|---|---|---|---|
| | ആവശ്യമുള്ള സാമഗ്രികൾ വാങ്ങൽ | | | |
| ശാസ്ത്രാഭിരുചി വളർത്തൽ | പഠനയാത്രകൾ സംഘടിപ്പിക്കൽ | പാഠഭാഗങ്ങൾക്ക് അനുസൃതമായി | അധ്യാപകർ, പി.ടി.എ, എസ്.എം. സി, | 10000/– |
| വൈദ്യുതിയുടെ കാന്തികഫലം ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് | എക്സിബിഷൻ (കോളിങ് ബെൽ , ജനറേറ്റർ, മോട്ടോർ , ലൗഡ് സ്പീക്കർ , മൈക്രോഫോൺ ....) | 1 ദിവസം | സബ്ജെക്ട് കൗൺസിൽ | 3000/– |
| കൃഷിത്തോട്ട നിർമാണം | സ്ഥലപരിമിതി മറികടക്കാൻ – ഗ്രോ–ബാഗ്,ചാക്ക്, ചെടിച്ചട്ടി, പെറ്റ് ബോട്ടിൽ എന്നിവയിലെ ഹ്രസ്വകാല വിളകളുടെ കൃഷി | 1 വർഷം | പി.ടി.എ, എസ്.എം. സി, സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ് | 5000/– |
| ജൈവ വൈവിധ്യ ഉദ്യാനം | ഉദ്യാനവിപുലീകരണം, സസ്യങ്ങളുടെ ശാസ്ത്രീയ–നാമകരണം | 1 വർഷം | പി.ടി.എ, എസ്.എം. സി, സയൻസ് ക്ലബ്ബ് | 8000/– |
| നേത്രാരോഗ്യം– കാഴ്ച പരിശാധന , കണ്ണിന്റെ ന്യൂനതകൾ മനസ്സിലാക്കി പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന് | സമീപത്തുള്ള കണ്ണാശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾക്കായി സൗജന്യ | 1 ദിവസം | പി.ടി.എ, എസ്.എം. സി, സയൻസ് ക്ലബ്ബ് | 5000/– |

| | | | | |
|---|---|---|---|---|
| | നേത്രപരിശാധന ക്യാമ്പ് | | | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ഉണ്ടാക്കുന്നതിന് | പരീക്ഷണ കോർണറുകൾ തയ്യാറാക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | | |
| സീസ്മിക് തരംഗങ്ങളെക്കുറിച്ചും ഭൂകമ്പ മാപിനികളെകുറിച്ചുമുള്ള അവബാധം സൃഷ്ടിക്കുന്നതിന് | ഫീൽഡ് ട്രിപ്പ് | 1 ദിവസം | സയൻസ് ക്ലബ്ബ് | 10000/- |
| സ്വായത്തമാക്കിയ അറിവുകൾ പ്രദർശിപ്പിക്കൽ | മികവുത്സവം, ശാസ്ത്രപ്രദർശനം | വർഷാവസാനം | അധ്യാപകർ, വിദ്യാർഥികൾ, പി.ടി.എ, എസ്.എം. സി, | 10000/- |

| **മേഖല– ഹൈസ്കൂൾ– മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ഭൗതികം** | **ചുമതല** |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം–അടിക്കുറിപ്പ്<br>ചിത്രം–കഥ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| കുട്ടിയെ മികച്ച വായന | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി | 6 മാസം | ക്ലാസ് ലൈബ്രറി, | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| ക്കാരനാക്കുക | നവീകരിക്കൽ<br>സമീപ ഗ്രന്ഥശാല അംഗത്വം,<br>വായനോത്സവം, സംഘടിപ്പിക്കൽ,<br>പത്രവായന<br>പുസ്തക ചർച്ച, വായനാനുഭവം<br>വായനാക്കുറിപ്പ് പതിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി<br>പ്രവർത്തനം<br>ദിനാചരണം<br>സാഹിത്യകാരന്മാരുമായുള്ള<br>അഭിമുഖം<br>ആനുകാലിക<br>പ്രസിദ്ധീകരണങ്ങളും വായനയും<br>ആസ്വാദകരമായ വായന<br>ഇ–വായന | | സ്കൂൾ<br>ലൈബ്രറി,<br>പത്രങ്ങൾ,<br>ആനുകാലിക<br>പ്രസിദ്ധീകര<br>ണങ്ങൾ,<br>ഇന്റർനെറ്റ്,<br>കമ്പ്യൂട്ടർ | |

| **മേഖല– ഹൈസ്കൂൾ– മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ഭൗതികം** | **ചുമതല** |
| കുട്ടിയെ മികച്ച<br>എഴുത്തു<br>കാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>പുസ്തക ചർച്ച,<br>വായനക്കുറിപ്പ്, പതിപ്പ്<br>വിവിധ സാഹിത്യശാഖകൾ<br>പരിചയപ്പെടൽ, ചുമർ<br>പത്രിക, പതിപ്പ്<br>തയ്യാറാക്കൽ, സർഗ<br>സൃഷ്ടികളുടെ പുസ്തകം<br>തയ്യാറാക്കൽ, വ്യക്തിഗത<br>രചന, സംഘ രചന, ഭാഷ<br>പ്രോജക്ട്,സാഹിത്യകാര<br>ന്മാരുമായുള്ള അഭിമുഖം,<br>സംവാദംസാഹിത്യ–<br>സാംസ്കാരിക ചിത്ര<br>ഗ്യാലറി | 6 മാസം | ലൈബ്രറി,<br>പുസ്തകങ്ങൾ,<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ | പി.ടി.എ,<br>അധ്യാപകർ |
| സദസ്സിനെ<br>അഭിമുഖീകരിക്കാൻ<br>പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി<br>വിവിധ വിഷയങ്ങൾ<br>നൽകി പ്രസംഗം | 6 മാസം,<br>(ജൂലൈ–<br>ഡിസം | ഓഡിയോ,<br>വീഡിയോ | ട്രെയിനർ,<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കുക<br>മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജ മാക്കുക. | ബർ | | |

| തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം 2025 – 26 | | | |
|---|---|---|---|
| **പ്രവർത്തനങ്ങൾ** | **സമയം** | **ചുമതല** | **ലക്ഷ്യം** |
| തൊഴിൽ ചെയ്യുന്നവരെ ആദരിക്കുകയും സാമൂഹിക ബോധമുള്ള തൊഴിൽ തിരിച്ചറിയൽ | 2 മാസം | WE Teacher | ഓരോ കുട്ടിയുടെയും പ്രത്യേകം കഴിവുകൾ തിരിച്ചറിഞ്ഞു അതിൽ പരിശീലനം നൽകുക |
| വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക | 3 തവണ | WE TCR<br>P T A<br>SRG | തൊഴിലധിഷ്ഠിത പഠനത്തിന്റെ സാധ്യതകൾ കുട്ടികളിലേക്കെത്തിക്കുക |
| വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുക | 3 മാസം | WE TCR | ഉത്പാദന രംഗത്തെ സ്വാശ്രയത്വം |
| മാനസികോല്ലാസം നൽകുന്ന ക്ലാസ് തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ജൂൺ–മാർച്ച് | WE TCR | പിരിമുറുക്കങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക |
| സ്കൂൾ തലത്തിൽ പ്രവർത്തി പരിചയ മേള സംഘടിപ്പിക്കുക | Aug – Sep | WE TCR | പ്രതിഭകളെ കണ്ടെത്തൽ |
| കുട്ടികൾ നിർമിക്കാൻ പഠിച്ച വസ്തുക്കളിൽ നിന്ന് വരുമാനം കണ്ടെത്താനുള്ള മാർഗ്ഗങ്ങളെ കുറിച്ച് ഒരു ക്ലാസ്സ് സംഘടിപ്പിക്കുക | Dec-Feb | WE TCR<br>P T A | തൊഴിൽ സാധ്യതകൾ കണ്ടെത്തുക |

# മേഖല – ഹൈസ്കൂൾ –ആർട്ട് എഡ്യൂക്കേഷൻ

ഫസ്റ്റ് ടേം
ജൂൺ
ജൂൺ 2 (പ്രവേശനോത്സവം)
പ്രവേശനോത്സവ പരിപോടികൾ സമുചിതമോയി നടത്തുവാൻ തീരുമാനിച്ചു. കുട്ടികളുടെ വിവിധ പരിപാടികൾ , മധുരവിതരണം എന്നിവ നടത്തുവാൻ തീരുമാനിച്ചു.
ജൂൺ 21 (ലോക സംഗീത ദിനം)
1. ലോക സംഗീത ദിനം കുട്ടികളുടെ സംഗീത പരിപാടികളോട് കൂടി ആഘോഷിക്കുവാൻ തീരുമാനിച്ചു. (1 Day)
2. ആർട്സ് ക്ലബ് ഉദ് ഘാടനം: ജൂൺ മാസത്തിൽ തന്നെ ആർട്സ് ക്ലബ് രൂപികരിച്ചു ക്ലബ് പ്രവർത്തനങ്ങൾ സജ്ജീവമാക്കാൻ തീരുമാനിച്ചു.
3. നാടക കളരി നടത്താൻ തീരുമാനിച്ചു.
ജൂലൈ
1. ജൂലൈ മാസത്തിൽ കുട്ടികളുടട ചിത്ര രചനാ പ്രദർശനോത്സവവും ലോക ചിത്ര ദിനത്തിന്റെ (ഏപ്രിൽ 15) പ്രസക്തിയും ആർട്സ് ക്ലബ് പ്രവർത്തനങ്ങളിലൂടെ  കുട്ടികളിൽ എത്തിക്കുവാൻ തീരുമാനിച്ചു. (1 Day)
ഓഗസ്റ്റ്
1. ഓഗസ്റ്റ് 15 (സ്വാതന്ത്ര്യ ദിനം)
ഓഗസ്റ്റ് 15 – സ്വാതന്ത്ര്യ ദിന പരിപാടികൾ ആഘോഷിക്കുവാൻ തീരുമാനിച്ചു. കുട്ടികളുടെ പരിപാടികൾ, പോസ്റ്റർ രചനാ മത്സരം, ഫ്ലാഗ് നിർമാണം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

സെക്കൻഡ് ടേം
സെപ്റ്റംബർ
1. സെപ്റ്റംബർ 13– ഓണാഘോഷ പരിപാടികൾ സമചിതമായി നടത്തുവാൻ തീരുമാനിച്ചു (1day)
2. സ്കൂൾ കലോത്സവം വർണാഭമായി നടത്തുവാൻ തീരുമാനിച്ചു.(4day)

ഒക്ടോബർ
1. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം– ഒക്ടോബർ രണ്ട് ഗാന്ധിജയന്തി ദിനത്തിൽ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ ഗാന്ധി പോർട്രൈറ്റ് രചന പോസ്റ്റർ നിർമ്മാണം എന്നിവ നടത്താൻ തീരുമാനിച്ചു.
2. ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സിനിമ പ്രദർശനം നടത്തുവാൻ തീരുമാനിച്ചു. ഒക്ടോബർ 13 നാഷണൽ ഫിലിം ആണെന്നുള്ള അറിവ് കുട്ടികൾക്ക് നൽകുന്നു.

നവംബർ
1. ശിശുദിനത്തോടനുബന്ധിച്ച് ചിത്രരചന മത്സരം നടത്തുവാൻ തീരുമാനിച്ചു. (1day)

ഡിസംബർ
1. ക്രിസ്മസ് ദിനത്തോടനുബന്ധിച്ചു ക്രിസ്മസ് പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

തേർഡ് ടേം
ജനുവരി

1. ജനുവരി 26 റിപ്പബ്ലിക് ദിനം– റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച കുട്ടികളുടെ കലാപരിപാടികൾ ആസൂത്രണം ചെയ്തു നടത്തുവാൻ തീരുമാനിച്ചു.

ഫെബ്രുവരി

1. ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ സ്വയം കമ്പോസ് ചെയ്ത നൃത്തരൂപം അവതരിപ്പിക്കുന്നു. ഏപ്രിൽ 29 ലോക നൃത്ത ദിനത്തിന്റെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നു.

മാർച്ച്

1. ലോക നാടക ദിനത്തോട് (മാർച്ച് 27) അനുബന്ധിച്ച കുട്ടികൾ തന്നെ സ്വയം രചിച്ച നാടക അവതരണം
2. കുട്ടികൾ നിർമ്മിച്ച സിനിമയിൽ നിന്നും തിരഞ്ഞെടുത്ത സിനിമയുടെ പ്രദർശനം

## മേഖല– ആരോഗ്യ കായിക വിദ്യാഭ്യാസം

ലക്ഷ്യം :–കായിക ക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ
പ്രവർത്തനം:– കിഡ്സ് അത്ലറ്റിക്സ് ആൻഡ് അത്ലറ്റിക്സ്; മേജർ ഗെയിം– വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ; മൈനർ ഗെയിംസ്, എയ്റോബിക്സ്.

### കിഡ്സ് അത്ലറ്റിക്സ് ആൻഡ് അത്ലറ്റിക്സ്

| കിഡ്സ് അത്ലറ്റിക്സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര. നം. | ഉപകരണങ്ങൾ | വില | എണ്ണം | ആകെ |
| 1 | മെഡിസിൻ ബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻ ബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ്ബോൾ | 600 | 2 | 1200 |
| 4 | റോപ് ലഡർ (50 sq.cm) 500m | 650 | 1 | 650 |
| 5 | ത്രോ ബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിങ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജമ്പിങ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40 cm, 60 cm. | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| **11** | **ജാവലിൻ 400 ഗ്രാം, 600ഗ്രാം** | **680** | **4** | **2720** |

| | |
|---|---|
| ആകെ | 15550 |

**മേജർ ഗെയിം**

ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, മാസങ്ങളിൽ വിവിധ ഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമായി വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

- **ഫുട്ബോൾ**

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് മാത്രമേ സ്കൂളിന് സൗകര്യപ്രദം ഉള്ളതായിട്ടുള്ളൂ. മാനേജരുടെ നിർദ്ദേശം അനുസരിച്ച് ഗ്രൗണ്ട് നിരപ്പാക്കി തരും എന്ന് ഉറപ്പിൽ പുറമേ നിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിശീലന പദ്ധതി ആസൂത്രണം ചെയ്തു. ഇതിൻറെ ഫണ്ട് പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും പിടിഎയിൽ നിന്നും മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര. നം. | ഉപകരണങ്ങൾ | വില | എണ്ണം | ആകെ |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾ ഗോൾ പോസ്റ്റ് (മിനി) 2 set | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | 35500.00 |

- **ഷട്ടിൽ– ബാഡ്മിൻറൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽ ബാഡ്മിൻറൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമ്മിച്ചു.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര. നം. | ഉപകരണങ്ങൾ | വില | എണ്ണം | ആകെ |
| 1 | വോളിബോൾ | 780 | 4 | 3120 |
| 2 | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| 3 | മിനി ഗോൾപോസ്റ്റ് | 1200 | 2 | 2400 |
| 4 | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |

| | | | | |
|---|---|---|---|---|
| 5 | ഷട്ടിൽ ബാഡ്മിൻറൺ നെറ്റ് | 490 | 2 | 980 |
| 6 | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 7 | ഷട്ടിൽ ബാഡ്മിൻറൺ പോസ്റ്റ് | 750 | 2 | 1500 |
| 8 | ഖോ-ഖോ പോസ്റ്റ് | 500 | 2 | 1000 |
| ആകെ | | | | 17930.00 |

- **മൈനർ ഗെയിം**

മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർ ഗെയിംസ് പരിശീലിപ്പിക്കുന്നു. ജൂൺ ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിൻറെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും അല്ലാതെയും താളാത്മകമായി ഏറോബിക് എക്സ്സൈസുകൾ നിശ്ചിത സമയം ചെയ്യുന്നു. ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

- **ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്. ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്. റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികൾ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻ കഴിയണം. കാൽനടയായും വാഹനങ്ങളിലും വിദ്യാലയത്തിൽ എത്തുന്ന കുട്ടികൾ തീർച്ചയായും കാൽനടയാത്രക്കാരും വാഹന യാത്രക്കാരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിഞ്ഞിരിക്കണം. സീബ്ര ലൈൻ, അടയാളവിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായും ബോധ്യപ്പെടണം. ചെറിയ കളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിത യാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

- **പ്രവർത്തനങ്ങൾ**
  - വാർത്ത വിശകലനം
  - സീബ്രാലൈൻ ചിത്രനിരീക്ഷണം
  - ട്രാഫിക് വിളക്കുകൾ വീഡിയോ പ്രദർശനം
  - ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ
  - അടയാളവിളക്കുകൾ- ചർച്ച
  - വാഹനം ഓടിക്കാൻ കളി തുടങ്ങിയവ